# സ്ത്രീകൾ ആഭരണങ്ങൾ ധരിക്കുന്നതിനു പിന്നിലുള്ള ശാസ്ത്രം

## അനുക്രമണിക


| | | |
|---|---|---|
| 卐 | **ആധ്യാത്മിക പരിഭാഷയിലുള്ള മുഖവുര** | **7** |
| 卐 | **ആമുഖം** | **10** |
| 卐 | **ഗ്രന്ഥത്തിൽ കൊടുത്തിരിക്കുന്ന സൂക്ഷ്മ..** | **12** |
| 1. | സ്ത്രീകൾ ആഭരണങ്ങൾ അണിയുന്നതു കൊണ്ടുള്ള പ്രയോജനവും മഹത്ത്വവും | 13 |
| 2. | കൂടുതൽ വികാരാധീനരായ സ്ത്രീകൾ .... | 25 |
| 3. | വിധവകൾ ആഭരണങ്ങൾ ധരിക്കാത്തതിനു പിന്നിലുള്ള കാരണമെന്ത്? | 27 |
| 4. | ആഭരണങ്ങൾ അണിയുകയും അണിയാതിരിക്കുകയും ചെയ്യുന്ന സ്ത്രീകൾ ... | 29 |
| 5. | സാധാരണ സ്ത്രീകളിലും അനിഷ്ട ശക്തികളുടെ ബുദ്ധിമുട്ടുള്ള സ്ത്രീകളിലും ... | 31 |
| 6. | ആഭരണങ്ങൾ അണിയുന്നതിനെക്കുറിച്ച് നടത്തിയ സൂക്ഷ്മ പരീക്ഷണം | 49 |
| 7. | ആഭരണങ്ങൾ അണിയുന്നതിനെക്കുറിച്ചുള്ള ചില പ്രായോഗികമായ നിർദേശങ്ങൾ | 75 |
| 8. | ആത്മീയമായി ഉന്നതരായ സ്ത്രീകളും സാധിക്കുമെങ്കിൽ ആഭരണങ്ങൾ ധരിക്കുക ! | 76 |

# ആമുഖം

'...നാനാഭരണ ശോഭാഢ്യാ നാനാരത്നോപ ശോഭിതാഃ...' ദേവതകൾ പോലും ആഭരണങ്ങൾ അണിയുമ്പോൾ മനുഷ്യന്റെ കാര്യം പറയേണ്ടതായുണ്ടോ? ആഭരണങ്ങൾ എന്നാൽ സ്ത്രീയുടെ ലാവണ്യവും ശാലീനതയും നില നിർത്തുന്ന ആയിരമായിരം വർഷങ്ങളായുള്ള അമൂല്യ മായ സാംസ്കാരിക പൈതൃകം. ആഭരണങ്ങൾ കേവലം സൗന്ദര്യം പ്രദാനം ചെയ്യുന്ന വസ്തുക്കളല്ല മറിച്ച് സ്ത്രീക്ക് ഈശ്വര ചൈതന്യം നൽകുകയും അവളിലുള്ള ദേവതാ തത്ത്വത്തെ കാര്യക്ഷമമാക്കുവാൻ സഹായിക്കുകയും ചെയ്യുന്നു എന്ന കാര്യമാണ് ഈ ലഘുഗ്രന്ഥത്തിൽ ശാസ്ത്രമടക്കം വിശദീകരിച്ചിട്ടുള്ളത്.

ഈ കലിയുഗത്തിൽ ഏകദേശം എല്ലാവർക്കും തന്നെ അനിഷ്ട ശക്തികളുടെ ബുദ്ധിമുട്ട് കുറഞ്ഞ അളവിലോ, കൂടുതലായോ അനുഭവിക്കേണ്ടി വരുന്നു. അതൃപ്തരായ പിതൃക്കൾ, അനിഷ്ട ശക്തികൾ എന്നിവയുടെ ബുദ്ധിമുട്ടിൽ നിന്നും സംരക്ഷണത്തിന് ആഭരണങ്ങൾ എങ്ങനെ ഉപകരിക്കും എന്നുള്ള കാര്യവും ഈ ലഘുഗ്രന്ഥത്തിൽ കൊടുത്തിട്ടുണ്ട്. ഒരു സാധികയിൽ

പ്രകടമാകുന്ന വലിയ അനിഷ്ട ശക്തിക്ക് സാധിക അണിഞ്ഞിരിക്കുന്ന ആഭരണങ്ങളെ നശിപ്പിക്കുവാൻ തോന്നുന്നു, എന്നതിൽനിന്നും ആഭരണങ്ങളുടെ മഹത്ത്വം വ്യക്തമാകുന്നു. ആഭരണങ്ങൾ വെറുതെ ധരിക്കാതെ ഇടയ്ക്കിടയ്ക്ക് അതിൽ ഭസ്മം പുരട്ടി അണിയുന്നത് എന്തു കൊണ്ട് അനിവാര്യമാണെന്നുള്ളത് ഒരു സാധികയുടെ സൂക്ഷ്മ-ജ്ഞാനത്തോടനുബന്ധിച്ചുള്ള പരീക്ഷണത്തിൽ നിന്നും വ്യക്തമാക്കുന്നു. ഇതിൽ നിന്നും ആഭരണങ്ങളെ ശുദ്ധീകരിക്കേണ്ടതിന്റെ മഹത്ത്വവും മനസ്സിലാക്കാം. സ്ത്രീകളുടെ വിവിധമായ ആഭരണങ്ങൾ, അവയുടെ മഹത്ത്വം, സൂക്ഷ്മ-ജ്ഞാനത്തോട് അനുബന്ധിച്ചുള്ള പരീക്ഷണം എന്നിവയെക്കുറിച്ച് വിശദവിവരം ആഭരണങ്ങളെക്കുറിച്ചുള്ള മറ്റു ഗ്രന്ഥങ്ങളിൽ കൊടുത്തിട്ടുണ്ട്.

ഈ ലഘുഗ്രന്ഥത്തിൽക്കൂടി ആഭരണങ്ങളുടെ മഹത്ത്വവും ഇത്തരത്തിലുള്ള ചൈതന്യനിധി നൽകുന്ന ഹിന്ദു ധർമത്തിന്റെമഹത്ത്വവുംവായനക്കാർക്ക്മനസ്സിലാകട്ടെ, എന്ന് ശ്രീ ഗുരുചരണങ്ങളിൽ പ്രാർഥിക്കുന്നു.

- **സമ്പാദകർ**